# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 141 10.12.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| വിഴിഞ്ഞം തുറമുഖ വികസന പദ്ധതിയുടെ നടത്തിപ്പിനായി ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ? | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നടത്തിപ്പിനായി ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. തുറമുഖ നിർമ്മാണം ആരംഭിക്കുന്നതിനു മുൻപായി നടത്തേണ്ട ഒരു വർഷം നീളുന്ന പരിസ്ഥിതി പഠനത്തിനായുള്ള ടേംസ് ഓഫ് റഫറൻസ്, 2011 ജൂലൈ മാസത്തിൽ ലഭ്യമായി. ഇതേതുടർന്ന് പരിസ്ഥിതി പഠനം നടത്തുന്നതിനായി ഏഷ്യൻ കൺസൾട്ടിംഗ് എൻജിനീയേഴ്സ് (ഇന്ത്യ) ലിമിറ്റഡിനെയും എൽ& റ്റി റാംബോളിനെയും ഏൽപ്പിക്കുകയുണ്ടായി. ഈ പഠനം 2012 ജൂലൈ മാസത്തോടു കൂടി കഴിയേണ്ടതായിരുന്നെങ്കിലും വിവിധ തുറകളിലെ അപേക്ഷ പ്രകാരം 2012 വർഷകാലസ്ഥിതി വിവരം കൂടി ഉൾപ്പെടുത്തി പഠനം സെപ്റ്റംബർ 2012 വരെ നീട്ടുകയും ചെയ്തു. |

----2

പ്രസ്തുത വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ 2012 ഡിസംബർ മാസത്തോടു കൂടി കരട് പാരിസ്ഥിതിക പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കാനും തുടർന്ന് പബ്ലിക് ഹിയറിംഗ് നടത്താനുമുള്ള നടപടികൾ എടുത്തു വരുന്നു. പബ്ലിക് ഹിയറിംഗിന്റെ സാരാംശം കൂടി ഉൾപ്പെടുത്തി അന്തിമ പാരിസ്ഥിതിക പഠന റിപ്പോർട്ടും, പാരിസ്ഥിതികാനുമതിക്കായിട്ടുള്ള അപേക്ഷയും പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി സമർപ്പിക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു.

2. ഐ.എഫ്.സി വിഴിഞ്ഞം പദ്ധതിയുടെ പാരിസ്ഥിതിക പഠനത്തിനായി നിയോഗിച്ച ഏഷ്യൻ കൺസൾട്ടിംഗ് എൻജിനീയേഴ്സിന്റെ പാരിസ്ഥിതിക പഠന റിപ്പോർട്ടിൽ അപാകത ഉണ്ടെന്ന് കാണിച്ച് ഹോട്ടൽ & റെസ്റ്റോറന്റ് അസോസിയേഷൻ, കൺസൾട്ടൻസിക്കും, കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനും പരാതി നൽകിയിരുന്നു. തുടർന്ന് പരാതിക്കാരൻ ഉന്നയിച്ച പ്രശ്നങ്ങൾ/ചോദ്യങ്ങൾ പാരിസ്ഥിതിക പഠന കരട് റിപ്പോർട്ടിൽ സംബോധന ചെയ്യുന്നതാണെന്നു ഉറപ്പു നൽകുകയും ചെയ്തു.

3. തുറമുഖത്തിന്റെ ഓപ്പറേറ്റർക്ക് വേണ്ടിയുള്ള കരാറുകാരനെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ തുടങ്ങിയിരുന്നെങ്കിലും ഏക ബിഡ്ഡറായി കേന്ദ്രാനുമതി ലഭിച്ച വെൽസ്പൺ ഇൻഫ്രാടെക്ക്

ലിമിറ്റഡ് 399.5 കോടി രൂപ ഗ്രാന്റ് നൽകാൻ ആവശ്യപ്പെടുകയുണ്ടായി. അതിനാൽ ടെണ്ടർ നടപടികൾ റദ്ദു ചെയ്യുകയും, പാരിസ്ഥിതിക അനുമതി ലഭ്യമായ ശേഷം വീണ്ടും ടെൻഡർ നടപടികളുമായി മുന്നോട്ടു പോകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

4. പദ്ധതിയ്ക്കു ഏറ്റവും ആവശ്യമായ ബാക്കപ്പ് ഏര്യ, റോഡ്, ട്രക്ക്ടെർമിനൽ എന്നിവയ്ക്കുള്ള സ്ഥലത്തിന്റെ 90%-ഉം ഏറ്റെടുത്തു കഴിഞ്ഞു. മാത്രമല്ല, വെയർ ഹൗസിങ്ങിനു വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

5. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ അടങ്കൽ തുക 4010 കോടി രൂപയായി പുനർ നിർണ്ണയിച്ചു. ഇതിനാവശ്യമായ വായ്പ നൽകുന്നതിന് ഹഡ്കോ, ഐ.ഐ.എഫ്.സി.എൽ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളെ സമീപിയ്ക്കുകയും, അവർ അത് തത്വത്തിൽ അംഗീകരിക്കുകയുമുണ്ടായി. കൂടാതെ എസ്.ബി.റ്റി യുടെ നേതൃത്വത്തിൽ 17 ബാങ്കുകളുടെ കൺസോർഷ്യം ആർ.ബി.ഐ ഗൈഡ്ലൈൻ പ്രകാരം സാമ്പത്തിക സഹായം നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. സർക്കാർ ബോണ്ട് വിതരണം നടത്തി 810 കോടി രൂപ സമാഹരിക്കുന്നതിന്റെ ഭാഗമായി എസ്.ബി.ഐ ക്യാപ്പിറ്റൽ മാർക്കറ്റിന്റെ നേതൃത്വത്തിൽ ക്രെഡിറ്റ് റേറ്റിംഗ് പൂർത്തീകരിക്കുകയും

A-(SO)/BBB + എന്ന റേറ്റിംഗ് ലഭ്യമാക്കുകയും ചെയ്തു. 250 കോടി രൂപ പദ്ധതിയ്ക്കായി സർക്കാർ എല്ലാ വർഷവും വകയിരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. നാളിതുവരെ 405.45 കോടി രൂപ വിഴിഞ്ഞം തുറമുഖ കമ്പനിയ്ക്ക് നല്കിയിട്ടുണ്ട്. 2011-2012 ബഡ്ജറ്റിൽ വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി 197.84 കോടി രൂപയും 2012-13-ലെ ബഡ്ജറ്റിൽ 223.68 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

6. പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കു വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമാണ് തുടക്കമിട്ടത്. മാസ്റ്റർ പ്ലാൻ, ഇ.പി.സി ടെണ്ടർ നടപ്പാക്കൽ തുടങ്ങിയവയ്ക്കായി AECOM എന്ന കൺസൾട്ടൻസിയെ നിയമിച്ചു. പാരിസ്ഥിതിക അനുമതി ലഭിച്ചാലുടൻ ഇ പി സി ടെൻഡർ നടപടികൾ പൂർത്തിയാക്കുന്ന തരത്തിൽ വിശദമായ പഠനറിപ്പോർട്ട് നിർമ്മാണം, കൺസൾട്ടൻസി വഴി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

7. പദ്ധതിയ്ക്കാവശ്യമായ ജലവിതരണ നിർമ്മാണപ്രവർത്തനങ്ങൾ 22.01.2012-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തു. തുറമുഖ ശുദ്ധജല വിതരണ ശൃംഖലയിൽ നിന്നും 1.5 എം.എൽ.ഡി ജലം തദ്ദേശീയർക്കും കൂടി ലഭ്യമാക്കുന്നതിനും സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനത്തിനും

ഈ സർക്കാർ തുടക്കം കുറിച്ചു.

8. സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ സമഗ്രവും ദീർഘവീക്ഷണത്തോടെയുള്ള നടത്തിപ്പിനുമായി വിഴിഞ്ഞം പദ്ധതി പ്രദേശത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിലുള്ള മേഖലയെ പോർട്ട് സിറ്റി എന്ന രീതിയിൽ വികസനം ലക്ഷ്യമിട്ടുകൊണ്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സെന്റർ ഫോർ എൻവയോൺമെന്റൽ പ്ലാനിംഗ് & ടെക്നോളജി യൂണിവേഴ്സിറ്റി അഹമ്മദാബാദിനെ നിയോഗിച്ചിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിയുടെ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിഴിഞ്ഞം ഭാഗത്ത് ഒരു സീഫുഡ് പാർക്കും, സ്കിൽ ഡവലപ്പ്മെന്റ് സെന്ററും തുടങ്ങാനും മുല്ലൂർ അപ്പർ പ്രൈമറി സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്താനും തീരുമാനിക്കുകയുണ്ടായി.

9. പദ്ധതിയ്ക്കാവശ്യമായ വൈദ്യുതി എത്തിയ്ക്കുന്നതിനായി 220 കെ.വി ലൈൻ നിർമ്മാണത്തിന്റെ തുക വൈദ്യുതി ബോർഡിനു കൈമാറുകയും ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു.

---

10. പദ്ധതിയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്ഥലവും വീടും വിട്ടു നൽകിയ വസ്തുവിലെ വീട്ടുടമസ്ഥർക്ക് വിലയ്ക്കു പുറമേ സൗജന്യമായി 5 സെന്റ് സ്ഥലത്തിന്റെ പ്രമാണവും സാമ്പത്തിക

പാക്കേജും 27.11.2012-ൽ
വിതരണം ചെയ്യുകയുണ്ടായി.
ഈ സർക്കാർ
അധികാരമേറ്റശേഷം 61.50
ഏക്കർ സ്ഥലം ഏറ്റെടുത്തു.
വസ്തു വിലയ്ക്കു തന്നിട്ടുള്ള 47
വീട്ടുടമസ്ഥർക്ക് വിലയ്ക്കു
പുറമെ സൗജന്യമായി 5 സെന്റ്
ഭൂമിയും 6 മാസത്തെ വീട്ടു
വാടക ഹാർഡ്ഷിപ്പ്
അലവൻസായും ആണ്
നൽകുന്നത്.

42 കുടുംബങ്ങൾക്ക് 5 സെന്റ്
സ്ഥലം നൽകുന്നതിനുള്ള
ഡോക്യുമെന്റേഷൻ
പൂർത്തിയാക്കി ബാക്കിയുള്ള 5
കുടംബങ്ങൾക്ക് ഭൂമിയും
ധനസഹായവും
നൽകുന്നതിനുള്ള നടപടികൾ
പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ